# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/248/2017 2017 നവംബർ 24

## പത്രക്കുറിപ്പ്

### സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

**1. ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രത്തിന് 50 കോടിയുടെ പദ്ധതിയുമായി എം.ജി.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആദ്യമായി ഒരു ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രം ആരംഭിക്കുന്നതിന് 50 കോടി രൂപയുടെ പദ്ധതിക്ക് എം.ജി. സിൻഡിക്കേറ്റ് യോഗം അംഗീകാരം നൽകി. ഇതിനായി വിശദമായ പദ്ധതിരേഖ കിഫ്ബിയ്ക്ക് സമർപ്പിക്കും. ജൈവ സർട്ടിഫിക്കേഷനിൽ പോസ്റ്റ്ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന്റെയും ജൈവോല്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ നിർബ്ബന്ധമാക്കിയ സാഹചര്യത്തിലുമാണ് എം.ജി. സർവ്വകലാശാല ഒരു ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രത്തിന് പദ്ധതി സമർപ്പിക്കുന്നത്. അക്കാദമിക് കൺസൾട്ടൻസി, എക്സ്റ്റൻഷൻ, സുസജ്ജമായ പരിശോധനാ ലബോറട്ടറി തുടങ്ങിയവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതോടൊപ്പം കാർഷികമേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, കൃഷിഗീതങ്ങൾ, സംഗീതോപകരണങ്ങൾ, അപൂർവ്വ വിത്തിനങ്ങൾ തുടങ്ങിയവയ്ക്കായുള്ള കാർഷിക മ്യൂസിയം സ്ഥാപിക്കുന്നതിനും സിൻഡിക്കേറ്റ് അനുമതി നൽകി.

**2. എം.ജി.യിൽ പഠനസൗകര്യങ്ങൾ ആഗോള നിലവാരത്തിലേക്ക്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ ആഗോളനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി റൂസാ ധനസഹായത്തോടെ 9.55 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് അനുമതി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. 4.97 കോടിയുടെ കാമ്പസ് വൈഫൈ പദ്ധതിയിലൂടെ സർവ്വകലാശാലയിലെ 14 പഠനവകുപ്പുകളിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഇന്ററാക്ടീവ് ഇ-ക്ലാസ്മുറികൾ സ്ഥാപിക്കും. ഇതുവഴി വിദേശ സർവ്വകലാശാലകൾ, അഫിലിയേറ്റഡ് കോളേജുകൾ, അക്കാദമിക കേന്ദ്രങ്ങൾ തുടങ്ങിയവയുമായി ഓൺലൈൻ ബന്ധത്തിലൂടെ തൽസമയ അക്കാദമിക ഗവേഷണ വിനിമയ പ്രവർത്തനങ്ങൾ സാദ്ധ്യമാകും. ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ ലാബും ഇതിന്റെ ഭാഗമായി സ്ഥാപിക്കും. സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും മികവുറ്റതാക്കാനായി നടപ്പാക്കുന്ന ഇ-ഗവേണൻസ് പദ്ധതിയിലുൾപ്പെടുത്തി 500 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള അനുമതിയും സിൻഡിക്കേറ്റ് നൽകി. ഇതുവഴി പരീക്ഷാ കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തുന്നതിനും സർവ്വകലാശാലാ നടപടികൾ പേപ്പർ രഹിത സംവിധാനത്തിലേക്ക് മാറ്റുന്നതിനും ലക്ഷ്യമിടുന്നു. 1.24 കോടി രൂപയുടെ പദ്ധതിയാണ് ഇതിനായി അംഗീകരിച്ചത്. സർവ്വകലാശാലാ കാമ്പസിലെ ഊർജ്ജാവശ്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ 3.34 കോടി രൂപയുടെ സൗരോർജ്ജ പദ്ധതിക്കും സിൻഡിക്കേറ്റ് അംഗീകാരം ലഭിച്ചിട്ടുണ്ട്.

**3. പരീക്ഷാ നടത്തിപ്പ്: മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും സമയബന്ധിതമാക്കും**

സർവ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾക്ക് സിൻഡിക്കേറ്റ് രൂപം നൽകി. രണ്ടും മൂന്നും അഞ്ചും സെമസ്റ്റർ യു.ജി. പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഇന്ന് (നവംബർ 25) അവസാനിക്കും. ഫലപ്രഖ്യാപനം ഡിസംബർ 31നകം പൂർത്തിയാക്കും. എട്ടു മേഖലാ ക്യാമ്പുകളിലായി 4500 അദ്ധ്യാപകരാണ് മൂല്യനിർണ്ണയത്തിൽ പങ്കെടുത്തത്. എട്ടുലക്ഷം ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടന്നു. അദ്ധ്യാപകർക്ക് ഇതിനുള്ള പ്രതിഫലവും ഉടനടി വിതരണം ചെയ്യുന്നതിന് സംവിധാനമൊരുക്കി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് എന്നിവരുടെയും സിൻഡിക്കേറ്റംഗങ്ങളുടെയും നേതൃത്വത്തിൽ വിവിധ മൂല്യനിർണ്ണ

യ ക്യാമ്പുകൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തുകയും സമയബന്ധിതമായി മൂല്യനിർണ്ണയം പൂർത്തിയാക്കാൻ സഹകരിച്ച എല്ലാ അദ്ധ്യാപകരെയും ജീവനക്കാരെയും സിൻഡിക്കേറ്റ് അനുമോദിക്കുകയും ചെയ്തു.

**4. വിദ്യാർത്ഥി അദാലത്ത്: സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരുടെ നിർവ്വഹണ സമിതി രൂപീകരിച്ചു**

വിദ്യാർത്ഥികളുടെ വിവിധ പരാതികൾ ഉടൻ പരിഹരിക്കുന്നതിനായി സർവ്വകലാശാല ഡിസംബർ 4, 6, 8 തീയതികളിൽ നടത്തുന്ന വിദ്യാർത്ഥി അദാലത്തിൽ പരിഗണിക്കുന്ന വിഷയങ്ങളിൽ നയപരമായ തീരുമാനമെടുക്കുന്നതിന് സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. പി.കെ. പദ്മകുമാർ, ഡോ. അജി സി. പണിക്കർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. എം.എസ്. മുരളി, ഡോ. എസ്. സുജാത, പ്രൊഫ. വി.എസ്. പ്രവീൺകുമാർ എന്നിവർ അംഗങ്ങളായ നിർവ്വഹണ സമിതിയെയും ഡീൻസ് കമ്മിറ്റിയെയും ചുമതലപ്പെടുത്തുന്നതിനും സിൻഡിക്കേറ്റ് തീരുമാനിച്ചു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**പുനർമൂല്യനിർണ്ണയ ഫലം**

മെയ് 2016ൽ നടത്തിയ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് പരീക്ഷയുടെ പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധീകരിച്ചു. മാർക്ക് വ്യത്യാസമുള്ള വിദ്യാർത്ഥികൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും മെമ്മോ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കണം.

**ഡോക്ടറൽ കമ്മിറ്റി**

വിവിധ വിഷയങ്ങളിലെ ഡോക്ടറൽ കമ്മിറ്റിയുടെ തീയതികൾ പ്രസിദ്ധപ്പെടുത്തി. ഇക്കണോമിക്സിൽ നവംബർ 28നും ഹിസ്റ്ററിയിൽ 29നും രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഡോക്ടറൽ കമ്മിറ്റി നടത്തും. കൊമേഴ്സിൽ നവംബർ 28നും 29നും രാവിലെ 9.30ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലും കെമിസ്ട്രിയിൽ 29ന് രാവിലെ 10.30ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലും ഡോക്ടറൽ കമ്മിറ്റി നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2733246.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.എ. – മൾട്ടിമീഡിയ, ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, വിഷ്വൽ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, അനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ്, ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ്.എസ്. – 2013 മുതൽ അഡ്മിഷൻ, റഗുലർ, റീ അപ്പിയറൻസ്, സപ്ലിമെന്ററി) ഒക്ടോബർ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 27ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**കൾച്ചറൽ സ്കോളർഷിപ്പ്**

2016–17 അക്കാദമിക വർഷത്തിൽ അംഗപരിമിതരായ വിദ്യാർത്ഥികൾക്കുള്ള കൾച്ചറൽ സ്കോളർഷിപ്പിന് അപേക്ഷകൾ ഡിസംബർ 8ന് വൈകീട്ട് 4.30 വരെ സ്വീകരിക്കും. കോളേജ് പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വരുമാനസർട്ടിഫിക്കറ്റും ഹാജരാക്കണം. വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**എറുഡേറ്റ് പ്രൊഫസർഷിപ്പ് നൽകി ആദരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച ത്രിദിന എറുഡേറ്റ് പ്രഭാഷണം നടത്തിയ മെക്സിക്കൻ ശാസ്ത്രജ്ഞ ഡോ. പെട്രീഷ്യ തലാമസ് റൊഹാനയെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രൊഫസർഷിപ്പ് നൽകി ആദരിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടത്തിയ ചടങ്ങിൽ പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പഠനകേന്ദ്രം ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകി.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എറുഡേറ്റ് പ്രഭാഷണം നടത്തിയ മെക്സിക്കൻ ശാസ്ത്രജ്ഞ ഡോ. പെട്രീഷ്യ തലാമസ് റൊഹാനയെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ആദരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**